# കണ്ണൂര മുസ്ളിം ഹയർസെക്കണ്ടറി സ്കൂൾ

2024-2025

## മാസ്റ്റർ പ്ലാൻ

നല്ല സമൂഹത്തെ വാർത്തെടുക്കുവാൻ

ഒന്നിച്ച് ഒറ്റക്കെട്ടായി പ്രവർത്തിക്കാം

# ഒറ്റനോട്ടത്തിൽ

1. വിദ്യാഭ്യാസം
2. എക്സ്ട്രാ കരിക്കുലർ ആക്റ്റിവിറ്റി
3. കൗൺസിലിംഗ് പ്രോഗ്രാം
4. മോട്ടിവേഷൻ ക്ലാസ്സ്
5. വർക്ക് എക്സ്പീരിയൻസ്
6. ശുചിത്വമിഷൻ പ്രോഗ്രാം
7. ലഹരിവിരുദ്ധ സമിതികൾ
8. അച്ചടക്കം
9. പ്രമോഷൻ ആക്റ്റിവിറ്റി
10. കായിക വിഭാഗം
11. സ്കൂൾ ഗ്രൂപ്പുകൾ

## 1. വിദ്യാഭ്യാസം

മെച്ചപ്പെട്ട വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുക എന്നത് മാതാപിതാക്കളുടെ സ്വപ്നമാണ്.

അതിഭയങ്കരമായ ഫീസ് നൽകി Unaided സ്കൂളുകളിൽ കുട്ടികളെ പഠിപ്പിക്കുന്നതിന് പല രക്ഷിതാക്കൾക്കും സാധിക്കത്തില്ല അതുകൊണ്ട് തന്നെ Aided, Government തലത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് ഏറെ പ്രസക്തിയുണ്ട്. വിദ്യാഭ്യാസം കുട്ടികൾക്ക് ഭാരമായി അടിച്ചേൽപ്പിക്കാതെ പകർന്നു നൽകാൻ കഴിയണം. സ്കൂളിൽ കുട്ടികൾക്ക് ആസ്വദിച്ച് പഠിക്കാനുള്ള സാഹചര്യം ഒരുക്കണം.

a. എല്ലാ ആഴ്ചയിലും കുട്ടികളുടെ പഠനനിലവാരം വിലയിരുത്തണം.

b. മാസാമാസം ക്ലാസ്സ് ടെസ്റ്റുകൾ നടത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മറ്റ് കുട്ടികളോടൊപ്പം എത്തിക്കുക.

c. ആസ്വദിച്ച് പഠിക്കുന്നതിനുവേണ്ടി ആഴ്ചയിൽ ഒരു ദിവസം വിഷയാടിസ്ഥാനത്തിൽ Quiz Programe നടത്തി കുട്ടികളെ സ്വയം ചോദ്യോത്തരം പഠിക്കുന്നതിന് പ്രാപ്തരാക്കണം.

d. കുട്ടികൾക്ക് ഗ്രൂപ്പ് ഡിസ്ക്കഷൻ നടത്തി പഠനത്തിൽ മികവ് പുലർത്താൻ വേണ്ട സാഹചര്യം ഒരുക്കണം.

e. കുട്ടികളുടെ പഠന നിലവാരം രക്ഷകർത്താക്കളുമായി ആശയവിനിമയം നടത്തുന്നതിന് മാസത്തിലൊരു ദിവസം നിർബന്ധമായി ക്ലാസ്സ് പി.റ്റി.എ വിളിച്ച് ചേർക്കുക.

f. കുട്ടികളുമായും രക്ഷകർത്താക്കളുമായും നല്ല ബന്ധം സ്ഥാപിക്കുന്നതിനും കുട്ടികളുടെ പ്രശ്നം നേരിട്ട് മനസ്സിലാക്കുന്നതിനും അദ്ധ്യാപകർ നിർബന്ധമായും കുട്ടികളുടെ ഭവനസന്ദർശനം നടത്തുക.

g. ഹെഡ്മാസ്റ്റർ എല്ലാം ആഴ്ചയും സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർത്ത് പുരോഗമനം വിലയിരുത്തുക.

h. കുട്ടികളിൽ നല്ല ചിന്ത വളർത്തുന്നതിന് എല്ലാ ദിവസവും ക്ലാസ്സ് തുടങ്ങുന്നതിന് മുമ്പ് ഓരോ ദിവസവും ഓരോ കുട്ടികളെ കൊണ്ട് Thought പറിയിപ്പിക്കുക.

i. ആഴ്ചയിൽ ഓരോദിവസവും നിർബന്ധമായും ക്ലാസ്സ് അസംബ്ളികൾ നടത്തുക ( 1-2,3-4,5-6,7-8,9-10,11-12 എന്നീ ക്രമത്തിൽ) ക്ലാസ്സ് അസംബ്ളികളിൽ വാർത്താവതരണം, Thought of the Day എന്നീ പരിപാടികൾ കുട്ടികളെ കൊണ്ട് അവതരിപ്പിക്കുക.

**<u>Extra Caricular Activity</u>**

Spoken English
Kungfu
Karate
Craft Work
Drawing
Tailoring

## കൗൺസിലിംഗ് പ്രോഗ്രാം

കുട്ടികളിൽ പ്രകടമാവുന്ന മാറ്റങ്ങൾ, വീടുകളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി മാറ്റി എടുക്കുന്നതിന് വർഷത്തിൽ ഒരു പ്രാവശ്യം കൗൺസിലിംഗ് നടത്തുക.

## മോട്ടിവേഷൻ ക്ലാസ്സ്

കുട്ടികളിൽ പ്രകടമാവുന്ന അലസത, പഠനത്തോടുള്ള താല്പര്യമില്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരമായി വർഷത്തിൽ കുറഞ്ഞത് മൂന്ന് മോട്ടിവേഷൻ ക്ലാസ്സുകൾ എങ്കിലും നടപ്പിലാക്കുക.

## വർക്ക് എക്സ്പിരീയൻസ്

കുട്ടികളിൽ അദ്ധ്വാനശീലം വളർത്തുന്നതിനും കാര്യപ്രാപ്തി നേടുന്നതിനും പി.റ്റി.എ യുടെ സഹായത്തോടെ നോട്ട് ബുക്കുകൾ, LED ബൾബുകൾ, പ്ലാസ്റ്റിക്ക് ഉൽപ്പനങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും, പച്ചക്കറി കൃഷി, പൂന്തോട്ടം തുടങ്ങിയവ സ്കൂൾ പരിസരത്ത് വെച്ചുപിടിപ്പിക്കുന്നതിനും അതിൽ നിന്ന് ഉണ്ടാകുന്ന ഉൽപ്പന്നങ്ങളും അവർ നിർമ്മിക്കുന്ന വസ്തുക്കളും പൊതുജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി Exibition സംഘടിപ്പിക്കുക.

## ശുചിത്വമിഷൻ പ്രോഗ്രാം

കഴിഞ്ഞ അദ്ധ്യായന വർഷ ഏറ്റവും കൂടുതൽ ചർച്ച വന്നത് സ്കൂൾ ശുചിത്വം സംബന്ധിച്ച് ഉള്ളതായിരുന്നു. ടോയിലെറ്റ്, ക്ലാസ്സ് റും, സ്കൂൾ പരിസരം ഒക്കെയും പലപ്പോഴും വൃത്തിഹീനമായാതായി ജനമദ്ധ്യത്തിൽ സംസാരമുണ്ടായിരുന്നു. ആ ഒരു പരാതി പരിഹരിക്കുന്നതിനായി ഒരു വർഷം മുഴുവൻ നീണ്ട് നിൽക്കുന്ന ശുചിത്വമിഷൻ പ്രോഗ്രാം ആണ് നാം നടപ്പിലാക്കേണ്ടത്. മേൽ പറയപ്പെട്ട പരിസരങ്ങളിൽ ടോയിലെറ്റ്, ക്ലാസ്സ് റും, എന്നിവ ദിവസവും നീരീക്ഷിച്ച് തൽ സ്ഥിതി അറിയിക്കുവാനും ശുചിത്വം നിലനിർത്തുന്നതതിനുമായി കുട്ടികളുടെ നേതൃത്വത്തിൽ ഒരു മോനിറ്ററിംഗ് കമ്മറ്റി എല്ലാ ദിവസവും നിരീക്ഷണം നടത്തി വിവരം ചാർജ്ജ് വഹിക്കുന്ന അദ്ധ്യാപകരെ അറിയിക്കുകയും അദ്ധ്യാപകൻ വേണ്ട നടപടി സ്വീകരിക്കുകയും വേണം.

## ലഹരി വിരുദ്ധ സമിതികൾ

ഇന്ന് കുട്ടികളിൽ കണ്ട് വരുന്ന ലഹരി ഉപയോഗം പുകവലി തുടങ്ങിയവ യുടെ ഉപയോഗം കുട്ടികളിൽ ഇല്ലാതുക്കുന്നതിന് വേണ്ടി കൃത്യമായ ഇടവേളക ളിൽ ബോധവത്ക്കരണം, കൗൺസിലിംഗ് തുടങ്ങിയവ നടത്തുകയും ഇതിന് ക്ലാസ്സ് അടിസ്ഥാനത്തിൽ മോനിട്ടറിംഗ് സെല്ലുകൾ രൂപീകരിക്കുക.

## അച്ചടക്കം

അച്ചടക്കം ഉണ്ടാക്കിയെടുക്കുന്നതിന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഇത് സംബന്ധിച്ച് ഒരു ബോധവത്ക്കരണം നൽകുക. സ്കൂൾ യൂണിഫോം വൃത്തി യായി തേച്ച് കൊണ്ടുവരിക. സ്കൂൾ ബസ്സിൽ കയറുമ്പോഴും, ബസ്സ് സ്റ്റോപ്പിൽ ചെന്ന് ബസ്സ് കയറുമ്പോഴും അച്ചടക്കത്തോടെ ലൈനായിട്ട് ബസ്സിൽ കയറുക. സ്കൂൾ വിട്ട് കഴിഞ്ഞാൽ കൂട്ടംകൂടി നടന്ന് സമയം കളയാതെ എത്രയും പെട്ടെന്ന് വീട്ടിൽ എത്തുക.

## പ്രമോഷൻ ആക്റ്റിവിറ്റി

സ്കൂളിൽ നടക്കുന്ന ചെറുതും വലുതുമായ എല്ലാ പ്രവർത്തനങ്ങളും നേട്ട ങ്ങളും പൊതുജന മദ്ധ്യത്തിൽ സമയാസമയങ്ങളിൽ എത്തിക്കണം. അതിന് ആൽബം കൊളാഷ് എന്നിവ പോലെ അവതരിപ്പിച്ച് പൊതുജനങ്ങളിൽ എത്തിക്കണം.കൂടാതെ FaceBook, Whatsapp, Youtube സജീവമാക്കനം അതിന് പബ്ലിക്ക് റിലേഷൻ കമ്മറ്റി രൂപീകരിക്കണം.

## കായിക വിഭാഗം

ജൂൺ മാസത്തിൽ തന്നെ ഓരോ വിഭാഗത്തിലും താൽപ്പര്യമുള്ള കുട്ടികളെ കണ്ടെത്തി ടീം രൂപീകരിച്ച് നിരന്തരം പരിശീലനം നൽകി കലാരംഗത്ത് പോലെ തന്നെ കായികരംഗത്തും സമ്മാനങ്ങൾ വാങ്ങാൻ ശ്രമിക്കണം.അതിന് ആർട്സ് & ഗെയിംസ് എംപവർമെന്റ് കമ്മറ്റി രൂപീകരിക്കണം.

## സ്കൂൾ ഗ്രൂപ്പ്

എൻ. എസ്സ്. എസ്സ്, ലിറ്റിൽ കൈറ്റ്സ്, ജൂനിയർ റെഡ്ക്രോസ്, Green,Yellow,Red,Blue എന്നീ ഗ്രൂപ്പുകൾ സജീവമാക്കുക.

ഓരോ പ്രവർത്തനങ്ങൾക്കും അദ്ധ്യാപകർ,രക്ഷകർത്താക്കൾ, വിദ്യാർത്ഥികൾ, മാനേജ്മെന്റ് കമ്മറ്റി അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന കമ്മറ്റി രൂപികരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി മുന്നോട്ട് പോയാൽ നമ്മുടെ സ്കൂൾ എല്ലാ തരത്തിലും സമീപ പ്രദേശത്തെ എന്ന മാത്രമല്ല സംസ്ഥാനത്തെ തന്നെ മികച്ച കലാലയമായി നമ്മുടെ സ്കൂളിനെ മാറ്റിയെടുക്കുവാൻ സാധിക്കും.

**ഈ പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തുന്നതിന് , Headmaster, Principle ,പി.റ്റി.എ പ്രസിഡെന്റ്, മാനേജർ, ഉൾപ്പെട്ട ഒരു കോർഡിനേഷൻ കമ്മറ്റി രൂപീകരിച്ച് സ്കൂളിന്റെ പുരോഗമനത്തിന് വേണ്ട സാഹചര്യം ഒരുക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നു.**